# Malayala Manorama
## 17 August 2018
## Aroor, Rain Havoc, Flood

# അരൂരിൽ നൂറുകണക്കിന് വീടുകളിൽ വെള്ളം കയറി

അരൂർ • മേഖലയിൽ മഴക്കെടുതികൾ ശക്തമായി. അരൂക്കുറ്റി ഗവ. യുപി സ്കൂളിൽ ദുരിതാശ്വാസ ക്യാംപ് തുറന്നു. ഇവിടെ എഴുപതിലധികം കുടുംബങ്ങൾ എത്തിയിട്ടുണ്ട്.

പഞ്ചായത്ത് പ്രസിഡന്റ് ആബിദ അസീസിന്റെ നേതൃത്വത്തിൽ ക്യാംപുകളിൽ കഴിയുന്നവർക്കു ഭക്ഷണം നൽകുന്നുണ്ട്. അരൂർ, എഴുപുന്ന, കോടംതുരുത്ത്, അരൂക്കുറ്റി പഞ്ചായത്തുകളിൽ നൂറുകണക്കിനു വീടുകളിൽ വെള്ളം കയറി.

ഇതോടെ ജനജീവിതം ദുരിതമയമായി. നേരത്തെ ഉണ്ടായ മഴക്കെടുതിയിൽ ദുരിതമനുഭവിച്ച വീടുകളിൽ തന്നെയാണ് വീണ്ടും വെള്ളം കയറിയത്.

ഗ്രാമീണ റോഡുകളും മുങ്ങി. അരൂർ, കുത്തിയതോട് വൈദ്യുതി സെക്ഷന്റെ വിവിധ പ്രദേശങ്ങളിൽ മരങ്ങൾ ലൈനുകളിലേയ്ക്കു വീണ് എഴുപതിലധികം വൈദ്യുത പോസ്റ്റുകൾ നിലം പതിച്ചു. കമ്പികളും പൊട്ടിവീണു.

ഇതുമൂലം മണിക്കൂറുകളോളം വൈദ്യുതി വിതരണം നിലച്ചു. പറയകാട് നാലുകുളങ്ങര കവലയിൽ ക്ഷേത്രവളപ്പിലെ ആൽമരം 11 കെവി വൈദ്യുത ലൈനിലേയ്ക്കു വീണ് മൂന്നു പോസ്റ്റുകൾ തകർന്നു. ഇതുമൂലം തുറവൂർ - എഴുപുന്ന റോഡിൽ അഞ്ച് മണിക്കൂർ വാഹന ഗതാഗതം സ്തംഭിച്ചു.

അരൂർ അറേക്കുളം റോഡിനു കുറുകെ മരം വീണതുമൂലം ഇവിടെയും ഏറെ നേരം ഗതാഗത തടസ്സമുണ്ടായി. അരൂരിൽ നിന്നു അഗ്നിരക്ഷാസേനയെത്തിയാണ് മരം മുറിച്ചുനീക്കിയത്.

മഴയോടൊപ്പം ആഞ്ഞടിക്കുന്ന കാറ്റ് ഏറെ ദുരിതം വിതയ്ക്കുകയാണ്.

ഒട്ടേറെ സ്ഥലങ്ങളിൽ വാഴ ഉൾപ്പെടെയുള്ള കൃഷികൾ പൂർണമായും നശിച്ചു.



അരൂർ അറേക്കുളം റോഡിൽ മരംവീണു ഗതാഗതം തടസ്സപ്പെട്ടപ്പോൾ.